# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6411 21.11.2019 ൽ മറുപടിക്ക്**

**ആർ.ബി.ഡി.സി.കെ. തിരുവനന്തപുരം ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ജോയി | ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ.) തിരുവനന്തപുരം ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ.) തിരുവനന്തപുരം ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ചുവടെ കൊടുക്കുന്നു.

1. അട്ടക്കുളങ്ങര ഫ്ലൈഓവർ
2. പേരൂർക്കട ഫ്ലൈഓവർ
3. ചിറയിൻകീഴ് ആർ ഒ ബി
4. ഇടവ ആർ ഒ ബി
5. കരമന ആർ ഒ ബി
6. വെൺകുളം ആർ ഒ ബി
7. പുന്നമൂട് ആർ ഒ ബി
8. വെട്ടുറോഡ് ആർ ഒ ബി
9. കണിയാപുരം ആർ ഒ ബി
10. ബാലരാമപുരം ആർ ഒ ബി
11. ക്ലേ ഗേറ്റ് ആർ ഒ ബി
12. ശാർക്കര ആർ ഒ ബി
13. മഞ്ചാടിമൂട് ആർ ഒ ബി

ബി) ആർ.ബി.ഡി.സി.കെ. തിരുവനന്തപുരം ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

ബി) ആർ.ബി.ഡി.സി.കെ. തിരുവനന്തപുരം ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ പുരോഗതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

| | |
|---|---|
| സി) ആർ.ബി.ഡി.സി.കെ. തിരുവനന്തപുരം ജില്ലയിൽ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് രൂപരേഖ തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അവ ഏതെല്ലാം? | സി) ആർ.ബി.ഡി.സി.കെ -യെ തിരുവനന്തപുരം ജില്ലയിൽ രൂപരേഖ തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള റെയിൽവേ മേൽപ്പാലങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 1. ചിറയിൻകീഴ് ആർ ഒ ബി<br>2. ഇടവ ആർ ഒ ബി<br>3. കരമന ആർ ഒ ബി<br>4. വെൺകുളം ആർ ഒ ബി<br>5. പുന്നമൂട് ആർ ഒ ബി<br>6. വെട്ടുറോഡ് ആർ ഒ ബി<br>7. കണിയാപുരം ആർ ഒ ബി | രൂപരേഖ തയ്യാറാക്കി കഴിഞ്ഞു. |
| 8. ബാലരാമപുരം ആർ ഒ ബി<br>9. ക്ലേ ഗേറ്റ് ആർ ഒ ബി<br>10. ശാർക്കര ആർ ഒ ബി<br>11. മഞ്ചാടിമൂട് ആർ ഒ ബി | രൂപരേഖ തയ്യാറാക്കി കൊണ്ടിരിക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**1. അട്ടക്കുളങ്ങര ഫ്ലൈഓവർ**

സ.ഉ (സാധാ) നം.942/2017/പൊ.മ.വ തീയതി 10.07.2017 പ്രകാരം ഈസ്റ്റ് ഫോർട്ട്- മണക്കാട് ഫ്ലൈഓവർ (അട്ടക്കുളങ്ങര) നിർമ്മാണത്തിനായി ആർ.ബി.ഡി.സി.കെ-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി നിയമിച്ചിട്ടുണ്ട്. പ്രാരംഭഘട്ട പഠനത്തിനു ശേഷം, മൂന്ന് കൺസപ്റ്റ് പ്ലാൻ കിഫ്ബിയിൽ സമർപ്പിച്ചു. 03.05.2019-ൽ കിഫ്ബിയുടെ ഓഫീസിൽ പ്രസ്തുത പദ്ധതിക്ക് വേണ്ടി നടന്ന മീറ്റിംഗിൽ ടൗൺ പ്ലാനിംഗ്, ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് പ്രതിനിധികൾ പങ്കെടുത്തിരുന്നു. കിഫ്ബിയിൽ സമർപ്പിച്ച പ്ലാൻ പ്രകാരം പദ്ധതി നടപ്പാക്കിയാൽ ഭാവിയിൽ നടപ്പാക്കാൻ കരുതിയിരിക്കുന്ന ചാല ഹെറിറ്റേജ് പദ്ധതിയും , ചാല മാർക്കറ്റിൽ നിന്നും ഫോർട്ടിലേക്കും തിരിച്ചുമുള്ള വ്യൂ തടസ്സപ്പെടുമെന്നതിനാൽ NH 66 ലൂടെ ഒരു പുതിയ ഓപ്ഷൻ പഠനം നടത്താൻ കിഫ്ബി ആവശ്യപ്പെട്ടു. ഇതു പ്രകാരം 2 ഓപ്ഷനുകൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

**2. പേരൂർക്കട ഫ്ലൈഓവർ**

സ.ഉ (സാധാ) നം.1324/2016/പൊ.മ.വ തീയതി 27.09.2016 പ്രകാരം പേരൂർക്കട അണ്ടർപാസ് നിർമ്മാണത്തിനായി ആർ.ബി.ഡി.സി.കെ യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി നിയമിച്ചിട്ടുണ്ട്. തിരുവനന്തപുരം പട്ടണത്തിലേക്കുള്ള കുടിവെള്ള പൈപ്പുകൾ, പേരൂർക്കട ജംഗ്ഷനിലൂടെ പോകുന്നതിനാൽ അണ്ടർപാസ് സാധ്യമല്ലാത്തതിനാൽ ഫ്ലൈഓവറിനുവേണ്ടി ആർ ബി ഡി സി കെ പുതുക്കിയ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചത് ധനകാര്യ വകുപ്പ് നിരസിച്ചതിനാൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല.

**3. ചിറയിൻകീഴ് ആർ.ഒ.ബി :**

ചിറയിൻകീഴ് ആർ.ഒ.ബി നിർമ്മാണത്തിനായി സ.ഉ (സാധാ) നം.1324/2016/പൊ.മ.വ തീയതി 27.09.2016 പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി പൊതുമരാമത്ത് വകുപ്പാണ് ചെയ്യുന്നത്. ഈ പദ്ധതിക്കായി ആകെ 89 ഭൂവുടമകളുടെ സ്ഥലമാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. ഇതിൽ 81 ഭൂവുടമകളുടെ സ്ഥലം നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ആധാരം നടത്തി ഏറ്റെടുത്തിട്ടുണ്ട്. ബാക്കി 8 ഭൂവുടമകളുടെ സ്ഥലം RFCT LARR Act 2013 പ്രകാരം സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുകയാണ്. അലൈൻമെന്റിലുള്ള നാല് സർക്കാർ സ്ഥാപനങ്ങളുടെ സ്ഥലവും, കെട്ടിട ശകലങ്ങളും ഈ പദ്ധതിയുടെ നിർമ്മാണത്തിനായി കൈമാറി ഉത്തരവായിട്ടുണ്ട്. 08.07.2019 ൽ പദ്ധതി ടെണ്ടർ ചെയ്തു. ടെണ്ടറിൽ രണ്ട് ബിഡ്ഡേർസ് പങ്കെടുത്തു. ടെക്നിക്കൽ ബിഡ് മൂല്യനിർണ്ണയത്തിൽ, ഒരു ബിഡ്ഡർ യോഗ്യത നേടിയില്ല. സിംഗിൾ ടെണ്ടർ ആയതിനാൽ പദ്ധതി 26.09.2019 ൽ റീടെണ്ടർ ചെയ്തു. ടെക്നിക്കൽ ബിഡ് 14.10.2019ൽ തുറക്കുകയും മൂല്യനിർണ്ണയം നടന്നുകൊണ്ടിരിക്കുകയും ആണ്.

## 4. ഇടവ ആർ.ഒ.ബി:

ഇടവ ആർ.ഒ.ബി നിർമ്മാണത്തിനായി സ.ഉ (സാധാ)നം.1324/2016/ പൊ.മ.വ തീയതി 27.09.2016 പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി നിയമിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന 13.07.2017-ൽ നൽകുകയും, പിന്നീട് രണ്ട് ജംഗ്ഷനുകളുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 29.08.2018 ൽ പുതുക്കിയ അർത്ഥന തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഭരണാനുമതി 21.01.2019-ലെ സ.ഉ (സാധാ) നം.225/2019/റവ പ്രകാരം ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തീകരിച്ച് 26.04.2019 ൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് ഈ റിപ്പോർട്ട് വിശകലനം ചെയ്ത് 27.07.2019-ൽ വിദഗ്ധസമിതി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ വിദഗ്ധ സമിതി റിപ്പോർട്ട് പരിശോധിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സമുചിത ഉത്തരവ് 07.08.2019 ൽ ജില്ലാ കളക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. 14.10.2019 ൽ തിരുവനന്തപുരം ജില്ല സ്ഥലമെടുപ്പ് ഡെപ്യൂട്ടി കളക്ടറുടെ യോഗത്തിൽ 16.11.2019 നകം 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം സ്ഥലമെടുപ്പ് തഹസീൽദാർക്ക് നൽകിയിട്ടുണ്ട്. ഈ സ്ഥലമെടുപ്പ് നടപടി ക്രമങ്ങൾക്കെതിരെ ഇടവ നിവാസികൾ ഒരു റിട്ട് ഹർജി ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

## 5. കരമന ആർ.ഒ.ബി:

കരമന റെയിൽവേ മേൽപ്പാലത്തിന് സ.ഉ (സാധാ) നം.1165/2014/പൊമവ തീയതി 18.08.2014 പ്രകാരം ആർ.ബി.ഡി.സി.കെ-യ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന 29.01.2015-ൽ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. പുതുക്കിയ അർത്ഥന 30.06.2017ൽ നൽകിയിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠനം 30.11.2018-ൽ പൂർത്തീകരിച്ചു. 21.08.2019ൽ 11(1) വിജ്ഞാപനം കേരള അസാധാരണ ഗസറ്റ് നമ്പർ 1908 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 6. വെൺകുളം ആർ.ഒ.ബി, പുന്നമൂട് ആർ.ഒ. ബി, വെട്ടു റോഡ് ആർ.ഒ.ബി :

സ.ഉ (സാധാ)നം.718/2018/ പൊ.മ.വ തീയതി 19.04.2018 പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി നിയമിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ടും ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി) ഉം തയ്യാറാക്കി കൊണ്ടിരിക്കുന്നു.

## 7. കണിയാപുരം ആർ.ഒ.ബി :

സ.ഉ (സാധാ)നം.718/2018/ പൊ.മ.വ തീയതി 19.04.2018 പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി നിയമിച്ചിട്ടുണ്ട്. അലൈൻമെന്റ് സംബന്ധിച്ച് കണിയാപുരം നിവാസികൾക്ക് പരാതികൾ ഉണ്ട്. നിലവിലുള്ള റോഡിനു സമാന്തരമായി ആർ.ഒ.ബി നിർമ്മിക്കണം എന്നതാണ് പരാതിക്കാരുടെ ആവശ്യം. നിലവിലുള്ള റോഡും റെയിൽവെ ലൈനും തമ്മിലുള്ള സ്ക്യൂ ആംഗിൾ 33ഡിഗ്രി ആണ്. റെയിൽവേ മാനദണ്ഡപ്രകാരം, ആർ.ഒ.ബി-യും റെയിൽവേ പാളവും തമ്മിൽ അനുവദനീയമായിട്ടുള്ള പരമാവധി സ്ക്യൂ 20 ഡിഗ്രി ആണ്.

27.08.2019-ലെ സ.ഉ (സാധാ)നം.1059/2019/പൊ.മ.വ പ്രകാരം സ്ക്യൂ ആംഗിൾ വർദ്ധിപ്പിക്കുന്നത് പരിശോധിക്കാനായി റെയിൽവേ അധികൃതർക്ക് ആർ.ബി.ഡി.സി.കെ കത്ത് സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ ബോർഡിന്റെ ആർ. ഡി.എസ്.ഒ നിബന്ധന പ്രകാരം 20 ഡിഗ്രിക്ക് മുകളിൽ സ്ക്യൂ ആംഗിൾ അനുവദനീയമല്ല എന്ന് ചീഫ് എഞ്ചിനീയർ കൺസ്ട്രക്ഷൻ സതേൺ റെയിൽവേ അറിയിച്ചു. ഇതു സംബന്ധമായി റെയിൽവേയുമായി കൂടുതൽ കൂടിയാലോചനകൾ നടക്കുന്നു.

**8. ബാലരാമപുരം ആർ.ഒ.ബി:**

സ.ഉ(സാധാ)നം.718/2018/പൊ.മ.വ തീയതി 19.04.2018 പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി നിയമിച്ചിട്ടുണ്ട്. പ്രസ്തുത ആർ.ഒ.ബി യുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി) സതേൺ റെയിൽവേയ്ക്ക് സമർപ്പിച്ചിരുന്നു. ബാലരാമപുരം റെയിൽവെ സ്റ്റേഷൻ, വിഴിഞ്ഞം പോർട്ടുമായി ബന്ധിപ്പിച്ചുകൊണ്ട് ഒരു വികസന പദ്ധതി കൊങ്കൺ റെയിൽവേയെ ഏൽപ്പിച്ചിട്ടുള്ളതായി ചീഫ് എഞ്ചിനീയർ, കൺസ്ട്രക്ഷൻ, സതേൺ റെയിൽവെ അറിയിച്ചു. കൊങ്കൺ റെയിൽവേയുമായി ബന്ധപ്പെട്ട് പുതുക്കിയ അലൈൻമെന്റുകളും ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി) ഉം തയ്യാറാക്കിക്കൊണ്ടി രിക്കുകയാണ്.

**9. ക്ലേഗേറ്റ് ആർ.ഒ.ബി**

സ. ഉ (സാധാ) നം.718/2018/പൊ.മ.വ തീയതി 19.04.2018 പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി നിയമിച്ചിട്ടുണ്ട്. പ്രസ്തുത ആർ.ഒ.ബി യുടെ അലൈൻമെന്റ് തയ്യാറാക്കികൊണ്ടിരിക്കുകയാണ്.

**10. ശാർക്കര ആർ.ഒ.ബി, മഞ്ചാടിമൂടി ആർ.ഒ. ബി**

സ ഉ (സാധാ) നം.718/2018/പൊമവ തീയതി 19.04.2018 പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി നിയമിച്ചിട്ടുണ്ട്. ശാർക്കരയിലും മഞ്ചാടിയിലും ആർ.ഒ.ബി നിർമ്മിക്കുകയാണെങ്കിൽ അവ തമ്മിലുള്ള ദൂരം 110 മീറ്റർ മാത്രമായതിനാൽ രണ്ട് റയിൽവേ ഗേറ്റിനും കൂടി ഒരു ആർ.ഒ.ബി നിർമ്മിക്കുവാനുള്ള അലൈൻമെന്റ് പഠനം നടന്നുകൊണ്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ